**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1511** **12-02-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റൽ വേഗത്തിലാക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമി തരംമാറ്റൽ വേഗത്തിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കാലതാമസം ഒഴിവാക്കുന്നതിന് അപേക്ഷകൾ സ്വീകരിക്കുന്നതും, നടപടികൾ കൈകൊള്ളുന്നതും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്. ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, 68 ജൂനിയർ സൂപ്രണ്ടുമാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയും നിയമിക്കുന്നതിനും, കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന 140 സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, ദിവ സവേതന അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി 220 വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും കൊണ്ട് 01.09.2023-ലെ സ.ഉ (കൈ) നം.206/2023/RD നമ്പർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു. ടി ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട ഓഫീസു കളിലേക്ക് വിന്യസിച്ചിട്ടുള്ളതുമാണ്.<br><br>ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി ന ൽകിയിട്ടുള്ളതാണ്. കൂടാതെ, അപേക്ഷകൾ തീർപ്പാക്കുമ്പോൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(സി) പ്രകാരം, താലൂക്ക് |

| | | | |
|---|---|---|---|
| | | | ഓഫീസിലും, വില്ലേജ് ഓഫീസിലും സ്വീകരിക്കേണ്ട ഭൂരേഖകളിലെ മാറ്റങ്ങൾ സംബന്ധിച്ച നടപടികൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 05.08.2023 ലെ സ.ഉ.(സാധാ) നം.2886/2023/RD യുടെ അടിസ്ഥാനത്തിൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി, അപ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.<br><br>തരം മാറ്റ അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ തരംമാറ്റ അദാലത്തുകൾ നടത്തിവരുന്നുണ്ട്. ഇപ്രകാരം 2024 ജനുവരി 15 മുതൽ ഫെബ്രുവരി 17 വരെ സംസ്ഥാനത്തുടനീളം തരംമാറ്റ അദാലത്ത് സംഘടിപ്പിച്ചിരുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തി നൽകിയിരുന്ന അധികാരങ്ങൾ 71 ആർ.ഡി.ഒ/ഡെപ്യൂട്ടി കളക്ടർ/ സബ് കളക്ടർമാരിലേക്ക് വികേന്ദ്രീകരിച്ചു നൽകിക്കൊണ്ട് അവരെ സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ 01.07.2024 മുതൽ നിയോഗിച്ചു കൊണ്ട്, 27-06-2024-ലെ സ.ഉ.(അച്ചടി ) നം.140/2024/RD, 28-06-2024-ലെ സ.ഉ.(അച്ചടി) നം.142/2024/RD നമ്പർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തുടർന്ന്, സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തരം മാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സൗജന്യ തരംമാറ്റത്തിന് അർഹമായ ഫോറം 5, ഫോറം 6 അപേക്ഷകൾ തീർപ്പാക്കുന്നതിന് താലൂക്ക് തലത്തിൽ 2024 ഒക്ടോബർ 25 മുതൽ നവംബർ 15 വരെ അദാലത്ത് സംഘടിപ്പിച്ച്, അപ്രകാരമുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കൃത്യമായ ഇടവേളകളിൽ മന്ത്രി തലത്തിലും, ലാൻഡ് റവന്യൂ കമ്മീഷണർ, പ്രിൻസിപ്പൽ സെക്രട്ടറി തലങ്ങളിലും അപേക്ഷകളുടെ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുകയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ആഴ്ച തോറും കൂടി വരുന്ന റവന്യൂ സെക്രട്ടറിയേറ്റും തീർപ്പാക്കൽ പുരോഗതി സസൂക്ഷ്മം വിലയിരുത്തിവരുന്നു.<br><br>മേൽ പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികളിലൂടെ അപേക്ഷകൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിന് സാധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | വർഷങ്ങളായി വീടുവെച്ച് താമസിക്കുന്ന 'പുരയിടം' രേഖയിൽ 'നഞ്ച'യായി തന്നെ കിടക്കുകയാണെങ്കിൽ എളുപ്പത്തിൽ തരം മാറ്റി നൽകുന്നതിന് നടപടികൾ കൈക്കൊള്ളാമോ? | (ബി) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും, എന്നാൽ റവന്യൂ രേഖകളിൽ നിലമായി തുടരുന്നതുമായ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്കാണ് ഈ നിയമത്തിലെയും, ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള തരം മാറ്റം അനുവദിക്കുന്നത്. ആയതിനായി ചട്ട പ്രകാരമുള്ള ഫാറം 6/ ഫാറം 7/ ഫാറം 9 - എന്നിവയിൽ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അപേക്ഷ നല്കേണ്ടതാണ്. വർഷങ്ങളായി വീടുവെച്ച് താമസിക്കുന്ന 'പു രയിടം' ഡാറ്റാ ബാങ്കിൽ 'നഞ്ച' യായി കിടക്കുകയാണെങ്കിൽ, ചട്ട പ്രകാരമുള്ള ഫാറം 5 - ൽ റവന്യൂ ഡിവിഷ ണൽ ഓഫീസർക്ക് അപേക്ഷ നല്കാവുന്നതാണ്. പ്രസ്തുത അപേക്ഷകളിന്മേൽ നിയമം/ചട്ട പ്രകാരമുള്ള ന ടപടിക്രമങ്ങൾ പാലിച്ച്, റവന്യൂ ഡിവിഷണൽ ആഫീസർ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.<br><br>മേൽ പ്രകാരമുള്ള അപേക്ഷൾ സ്വീകരിക്കുന്നതും, നടപടികൾ കൈക്കൊള്ളുന്നതും പൂർണ്ണമായും ഓ ൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയും, നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, സുതാര്യമാക്കുന്നതിനു മായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കി നൽകിയും, അധിക ജീവനക്കാരെ നിയോഗിക്കുന്നതിനും, അധിക സൗകര്യങ്ങൾ അനുവദിക്കുന്നതിനും അനുമതി നൽകിയും, അദാലത്തുകൾ സംഘടിപ്പിച്ചും, വിവിധ തലങ്ങളിൽ തീർപ്പാക്കൽ പുരോഗതി അവലോകനം ചെയ്തും, മേൽ പ്രകാരമുള്ള അപേക്ഷകളിലെ നടപടികൾ എളുപ്പമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br><br>സർവ്വെ അപകാതകൾ മൂലം ഭൂരേഖകളിൽ തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ, എൽ ആർ എം നടപടി വഴി വേഗത്തിൽ അപാകത പരിഹരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(അച്ചടി) നം.140/2024/RD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:-

1. 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024, 20.06.2024 തീയതികളിലെ LR/2207/2022-LR(A4) നം. റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

2008-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമത്തിനും അനുബന്ധ ചട്ടങ്ങൾക്കും കീഴിൽ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് നിർണ്ണയിച്ചിട്ടുള്ളതും അപ്രകാരം അവരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമായ അധികാരങ്ങൾ പൂർണ്ണമായോ ഭാഗികമായോ വിനിയോഗിക്കുന്നതിന്, ഇതിലേക്ക് സർക്കാർ പ്രത്യേകം ചുമതലപ്പെടുത്തുന്ന സംഗതിയിൽ, ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്മാർക്ക് അധികാരം നൽകി നിയോഗിക്കുവാൻ സർക്കാർ തീരുമാനിക്കുകയും പ്രസ്തുത ഉദ്ദേശ ലക്ഷ്യം നിറവേറ്റുന്നതിനായി, 'റവന്യൂ ഡിവിഷണൽ ആഫീസർ' എന്നതിന്, വകുപ്പ് 2 (xvഎ) ആയി ചുവടെ ചേർത്ത നിർവ്വചനം നൽകിക്കൊണ്ട്, പരാമർശം (1) പ്രകാരമുള്ള 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്.

"റവന്യൂ ഡിവിഷണൽ ഓഫീസർ” എന്നാൽ സർക്കാർ റവന്യൂ ഡിവിഷണൽ ഓഫീസർമാരായി നിയമിക്കുന്ന ഉദ്യോഗസ്ഥർ എന്നർത്ഥമാകുന്നതും അതിൽ ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സർക്കാർ പൊതുവായോ പ്രത്യേകമായോ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തുന്ന ഡെപ്യൂട്ടി കളക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതുമാണ്."

2 . മേൽ പ്രകാരമുള്ള നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ, പരാമർശം (2)-ലെ പട്ടിക പ്രകാരം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട്

ഉത്തരവാകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുള്ളതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008 – ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (xv എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പുകൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ ചുവടെ ചേർത്ത പട്ടിക പ്രകാരം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് ഉത്തരവാകുന്നു.

| ജില്ല | റവന്യൂ ഡിവിഷണൽ ഓഫീസ് | താലൂക്ക് | ചുമതല നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം | തിരുവനന്തപുരം | ഡെപ്യൂട്ടി കളക്ടർ (ഡി.എം) |
| | | ചിറയിൻകീഴ് | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) |
| | | വർക്കല | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) |
| | | നെയ്യാറ്റിൻകര | സബ് കളക്ടർ/ ആർ.ഡി.ഒ. തിരുവനന്തപുരം |
| | നെടുമങ്ങാട് | നെടുമങ്ങാട് | സബ് കളക്ടർ/ ആർ.ഡി.ഒ. , നെടുമങ്ങാട് |
| | | കാട്ടാക്കട | ഡെപ്യൂട്ടി കളക്ടർ (എൽ.എ) |
| | കൊല്ലം | കൊല്ലം | സബ് കളക്ടർ/ ആർ.ഡി.ഒ. , കൊല്ലം |
| | | | ഡെപ്യൂട്ടി കളക്ടർ (ആർ. |

| | | | |
|---|---|---|---|
| കൊല്ലം | | കരുനാഗപ്പള്ളി | [illegible] ആർ) |
| | | കുന്നത്തൂർ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | പുനലൂർ | കൊട്ടാരക്കര | ഡെപ്യൂട്ടി കളക്ടർ (എൽ.ആർ. ) |
| | | പത്തനാപുരം | സബ് കളക്ടർ/ ആർ.ഡി.ഒ. പുനലൂർ |
| | | പുനലൂർ | |
| പത്തനംതിട്ട | തിരുവല്ല | തിരുവല്ല | സബ് കളക്ടർ/ആർ.ഡി.ഒ. , തിരുവല്ല |
| | | മല്ലപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | റാന്നി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | അടൂർ | അടൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. അടൂർ |
| | | കോഴഞ്ചേരി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കോന്നി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | ആലപ്പുഴ | ചേർത്തല | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | | കുട്ടനാട് | സബ് കളക്ടർ/ ആർ.ഡി.ഒ. ആലപ്പുഴ |

| | | | |
|---|---|---|---|
| ആലപ്പുഴ | | അമ്പലപ്പുഴ | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | ചെങ്ങന്നൂർ | മാവേലിക്കര | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കാർത്തികപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | ചെങ്ങന്നൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. ചെങ്ങന്നൂർ |
| കോട്ടയം | കോട്ടയം | കോട്ടയം | സബ് കളക്ടർ/ ആർ.ഡി.ഒ. കോട്ടയം |
| | | ചങ്ങനാശ്ശേരി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | കാഞ്ഞിരപ്പള്ളി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | പാലാ | വൈക്കം | സബ് കളക്ടർ/ ആർ.ഡി.ഒ. പാല |
| | | മീനച്ചിൽ | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| ഇടുക്കി | ഇടുക്കി | ഇടുക്കി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | തൊടുപുഴ | സബ് കളക്ടർ/ ആർ.ഡി.ഒ. ഇടുക്കി |
| | | പീരുമേട് | ഡെപ്യൂട്ടി കളക്ടർ (എൽ. എ. & എൽ. ആർ. ) |

| | | | |
|---|---|---|---|
| | ദേവികുളം | ദേവികുളം | സബ് കളക്ടർ/ ആർ.ഡി.ഒ. ദേവികുളം |
| | | ഉടുംമ്പൻചോല | |
| എറണാകുളം | ഫോർട്ട് കൊച്ചി | കൊച്ചി | സബ് കളക്ടർ/ ആർ.ഡി.ഒ. ഫോർട്ട് കൊച്ചി |
| | | കണയന്നൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) |
| | | പറവൂർ | ഡെപ്യൂട്ടി കളക്ടർ (ഡി. എം.) |
| | | ആലുവ | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |
| | മൂവാറ്റുപുഴ | മൂവാറ്റുപുഴ | സബ് കളക്ടർ/ ആർ.ഡി.ഒ. മൂവാറ്റുപുഴ |
| | | കോതമംഗലം | |
| | | കുന്നത്തുനാട് | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ.) |
| | തൃശ്ശൂർ | തൃശ്ശൂർ | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ.) |
| | | ചാവക്കാട് | സബ് കളക്ടർ/ ആർ.ഡി.ഒ. തൃശ്ശൂർ |
| | | തലപ്പിള്ളി | ഡെപ്യൂട്ടി കളക്ടർ (ഡി. എം.) |

| | | | |
|---|---|---|---|
| തൃശ്ശൂർ | | കന്നംകുളം | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | ഇരിങ്ങാലക്കുട | മുകുന്ദപുരം | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | കൊടുങ്ങല്ലൂർ | |
| | | ചാലക്കുടി | സബ് കളക്ടർ/ ആർ.ഡി.ഒ. ഇരിങ്ങാലക്കുട |
| പാലക്കാട് | ഒറ്റപ്പാലം | ഒറ്റപ്പാലം | സബ് കളക്ടർ/ ആർ.ഡി.ഒ. ഒറ്റപ്പാലം |
| | | അട്ടപ്പാടി | |
| | | പട്ടാമ്പി | ഡെപ്യൂട്ടി കളക്ടർ (എൽ. ആർ. ) |
| | | മണ്ണാർക്കാട് | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | പാലക്കാട് | ചിറ്റൂർ | |
| | | പാലക്കാട് | സബ് കളക്ടർ/ ആർ.ഡി.ഒ. പാലക്കാട് |
| | | ആലത്തൂർ | ഡെപ്യൂട്ടി കളക്ടർ (എൽ. എ. ) |
| | | പെരിന്തൽമണ്ണ | സബ് കളക്ടർ/ ആർ.ഡി.ഒ. പെരിന്തൽമണ്ണ |
| | | [illegible] | ഡെപ്യൂട്ടി കളക്ടർ (എൽ. |

| | | | |
|---|---|---|---|
| മലപ്പുറം | പെരിന്തൽമണ്ണ | ഏറനാട് | ആർ. ) |
| | | നിലമ്പൂർ | |
| | | കൊണ്ടോട്ടി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| | തിരൂർ | തിരൂർ | സബ് കളക്ടർ/ ആർ.ഡി.ഒ. തിരൂർ |
| | | പൊന്നാനി | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | തിരൂരങ്ങാടി | ഡെപ്യൂട്ടി കളക്ടർ (എൽ. എ. ) |
| കോഴിക്കോട് | കോഴിക്കോട് | കോഴിക്കോട് | ഡെപ്യൂട്ടി കളക്ടർ (ആർ. ആർ. ) |
| | | താമരശ്ശേരി | സബ് കളക്ടർ/ ആർ.ഡി.ഒ. കോഴിക്കോട് |
| | വടകര | വടകര | സബ് കളക്ടർ/ ആർ.ഡി.ഒ. വടകര |
| | | കൊയിലാണ്ടി | ഡെപ്യൂട്ടി കളക്ടർ (ഡി. എം. ) |
| വയനാട് | മാനന്തവാടി | മാനന്തവാടി | സബ് കളക്ടർ/ ആർ.ഡി.ഒ. മാനന്തവാടി |
| | | വൈത്തിരി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | സുൽത്താൻബത്തേരി | ഡെപ്യൂട്ടി കളക്ടർ (ആർ. |

| | | | |
|---|---|---|---|
| | | | ആർ. ) |
| കണ്ണൂർ | തലശ്ശേരി | തലശ്ശേരി | സബ് കളക്ടർ/ആർ.ഡി.ഒ. തലശ്ശേരി |
| | | ഇരിട്ടി | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | | പയ്യന്നൂർ | ഡെപ്യൂട്ടി കളക്ടർ (ഡി.എം. ) |
| | തളിപ്പറമ്പ | തളിപ്പറമ്പ | സബ് കളക്ടർ/ ആർ.ഡി.ഒ. തളിപ്പറമ്പ |
| | | കണ്ണൂർ | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ. ) |
| കാസർഗോഡ് | കാഞ്ഞങ്ങാട് | ഹോസ്ദുർഗ് | സബ് കളക്ടർ/ ആർ.ഡി.ഒ. കാഞ്ഞങ്ങാട് |
| | | വെള്ളരിക്കുണ്ട് | ഡെപ്യൂട്ടി കളക്ടർ (എൽ.എ. ) |
| | കാഞ്ഞങ്ങാട് | കാസർഗോഡ് | സബ് കളക്ടർ/ ആർ.ഡി.ഒ. കാസർഗോഡ് |
| | | മഞ്ചേശ്വരം | ഡെപ്യൂട്ടി കളക്ടർ (ആർ.ആർ. ) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം
അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
കൃഷി (എൻ. സി. എ.) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Suchitra S S
സെക്ഷൻ ഓഫീസർ
Date: 27-06-2024 19:49:14

**പകർപ്പ്** : ബഹു.റവന്യൂ ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു കൊണ്ട് പുറപ്പെടുവിച്ച 27.06.2024-ലെ സ.ഉ.(അച്ചടി)നം.140/2024/RD ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(അച്ചടി) നം.142/2024/RD തീയതി,തിരുവനന്തപുരം, 28-06-2024

---

പരാമർശം:-

1. 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2024, 20.06.2024 തീയതികളിലെ LR/2207/2022-LR(A4) നം. റിപ്പോർട്ട്.
3. 27.06.2024-ലെ സ.ഉ. (അച്ചടി) നം.140/2024/RD സർക്കാർ ഉത്തരവ്.

## ഉത്തരവ്

2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 2 ഉപവകുപ്പ് (xv എ) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്, ഭൂമി തരംമാറ്റത്തിനായി നിലവിലുള്ളതും തീർപ്പു കൽപ്പിക്കാനിരിക്കുന്നതും തുടർന്നും ലഭിക്കുന്നതുമായ അപേക്ഷകളുടെ തീർപ്പാക്കൽ ചുമതലകൾക്കായി, സംസ്ഥാനത്തെ വിവിധ താലൂക്കുകളിൽ, ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ച് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ചുവടെ ചേർത്ത പ്രകാരം ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

| ജില്ല | റവന്യൂ ഡിവിഷണൽ ആഫീസ് | താലൂക്ക് | ചുമതല നൽകുന്ന ഉദ്യോഗസ്ഥർ |
|---|---|---|---|
| തൃശ്ശൂർ | ഇരിങ്ങാലക്കുട | മുകുന്ദപുരം | സബ് കളക്ടർ/ ആർ.ഡി.ഒ. ഇരിങ്ങാലക്കുട |
| | | കൊടുങ്ങല്ലൂർ | |
| | | ചാലക്കുടി | ഡെപ്യൂട്ടി കളക്ടർ (എൽ.എ.) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SINDHU LAL

അണ്ടർ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാരും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാരും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A & E), കേരളം, എറണാകുളം

അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ

കൃഷി (എൻ. സി. എ.) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്ബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Suchitra S S

Date: 28-06-2024 17:38:40

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്. - ന്

ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. - ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക്, താൽക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും സ്ഥിര ജീവനക്കാരെ നിയമിക്കുന്നതിന് -അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.206/2023/RD — തീയതി,തിരുവനന്തപുരം, 01-09-2023

---

പരാമർശം:-
1. 22.02.2022-ലെ സ.ഉ (കൈ) നം.56/2022/RD ഉത്തരവ്.
2. 26.11.2022-ലെ സ.ഉ (കൈ) നം.278/2022/RD ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22.05.2023-ലെ 3045/2022-LR-R1 നം.റിപ്പോർട്ട്.

**ഉത്തരവ്**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട്, പരാമർശം (1) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന്, പൊതു താല്പര്യം പരിഗണിച്ച്, ശേഷിക്കുന്ന അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി, സേവനകാലാവധി വീണ്ടും ദീർഘിപ്പിക്കുകയില്ല എന്ന നിബന്ധനയോടെ, പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച താത്ക്കാലിക ജീവനക്കാരുടെ സേവനം, 179 ദിവസ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നല്കിയശേഷം, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി 1 7 9 ദിവസത്തേക്കുകൂടി ദീർഘിപ്പിച്ചു കൊണ്ട് പുനർനിയമിക്കുന്നതിനും, അനുവദിച്ച അനുബന്ധ സൗകര്യങ്ങളുടെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനും, പരാമർശം (2) പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ഭൂമി തരംമാറ്റം പോലുള്ള ഫയലുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട് എന്നതിനാൽ, ആയത്, റവന്യൂ ഡിവിഷണൽ ആഫീസുകളിലെ നിലവിലുള്ള മാനുഷിക ശേഷിക്ക് അപ്രാപ്യമായ സംഗതിയാണെന്നും, ആയതിനാൽ ജൂനിയർ സൂപ്രണ്ടുമാരുടെയും സീനിയർ ക്ലാർക്കുമാരുടെയും താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, ടി തസ്തികകളിലേയ്ക്ക് താത്ക്കാലികമായി ജീവനക്കാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്നും, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, പരാമർശം ( 3 ) പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണർ

ആവശ്യപ്പെട്ടിരുന്നു.

4. ലാൻഡ് റവന്യൂ കമ്മീഷണറുടെ ടി നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഭൂമി തരം മാറ്റത്തിന് കുടിശ്ശികയായി കിടന്ന ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കുന്നതിന്, മേൽ പ്രകാരം ലഭ്യമാക്കിയ അധിക സൗകര്യങ്ങൾ വളരെയേറെ പ്രയോജനപ്പെടുകയുണ്ടായി. സംസ്ഥാനത്താകെ, നിലവിൽ, തരം മാറ്റത്തിനായി ലഭിച്ച 2 ലക്ഷത്തിലധികം ഓൺലൈൻ അപേക്ഷകൾ തീർപ്പാക്കാനായുള്ളതാണ്. കൂടാതെ, പ്രതിദിനം 500-ൽ അധികം ഓൺലൈൻ അപേക്ഷകൾ, സംസ്ഥാനത്താകെയുള്ള റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ ലഭിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. മാത്രമല്ല, പരാമർശം (1)-ലെയും പരാമർശം (2)-ലെയും ഉത്തരവുകൾ പ്രകാരം ജോലി ചെയ്തിരുന്ന താത്ക്കാലിക ജീവനക്കാരുടെ കാലാവധി 02.06.2023 തീയതി മുതൽ അവസാനിച്ച സാഹചര്യത്തിൽ, എല്ലാ ജീവനക്കാരും പിരിഞ്ഞു പോയിട്ടുമുണ്ട്.

5. തരംമാറ്റവുമായി ബന്ധപ്പെട്ട വിവിധ രേഖകളുടെ പരിശോധന, വില്ലേജ് ഓഫീസർ / കൃഷി ഓഫീസർ എന്നിവർ സമർപ്പിക്കുന്ന റിപ്പോർട്ടുകളുടെ പരിശോധന, പരിവർത്തന ഫീസ് കണക്കുകൂട്ടൽ, സ്ഥലപരിശോധന ഉറപ്പാക്കേണ്ട കേസുകളിൽ KSREC റിപ്പോർട്ട് ശേഖരിച്ച് പരിശോധിക്കൽ എന്നിവയും, കൂടാതെ, വൈകിയുള്ള ജനന-മരണ രജിസ്ട്രേഷൻ, മജിസ്റ്റീരിയൽ നടപടിക്രമങ്ങൾ, രക്ഷാകർത്താക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമം സംബന്ധിച്ച നിയമം, ഭൂമിയുടെ ന്യായവില നിർണ്ണയം, CrPC വകുപ്പ് 174, 133, പ്രകാരമുള്ള നടപടികൾ, പലവിധ അപ്പീലുകൾ, എന്നിങ്ങനെ അനവധി ചുമതലകൾ, ദിനംപ്രതി, റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സമയബന്ധിതമായി കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ, ജോലി ഭാരത്തിന് അനുസരിച്ചുള്ള ജീവനക്കാർ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ നിലവിലില്ലാത്തതാണ് .

6. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനായി, താത്ക്കാലിക ജീവനക്കാരെ ഇനി നിയമിക്കണമെങ്കിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുതിയ ലിസ്റ്റ് ആവശ്യപ്പെട്ട് അതിൽ നിന്നും അഭിമുഖം നടത്തി നിയമിക്കണം. ആയതിന് തന്നെ ആറുമാസത്തോളം സമയം വേണ്ടിവരും. ഇത്തരത്തിൽ നിയമിക്കുന്ന ജീവനക്കാർക്ക് യൂസർനെയിം, പാസ്സ്‌വേർഡ് എന്നിവ നൽകാനോ റസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യാനോ കഴിയില്ല. കൂടാതെ, ഭൂമി തരംമാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷകളെ സംബന്ധിച്ച്, ഇൻറർ മീഡിയറി ഓഫീസർമാരായ ജൂനിയർ സൂപ്രണ്ടുമാരുടെ എണ്ണവും കൂടുതലായി ആവശ്യമാണ്.

7. 2022-23 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഓൺലൈൻ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ മാത്രം 385.79 കോടി രൂപ സർക്കാർ ഖജനാവിലേക്ക് എത്തി ചേർന്നിട്ടുള്ളതാണ്. ഇപ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളുടെ തീർപ്പാക്കലിലൂടെ, ഓരോ വർഷവും സർക്കാരിലേക്ക് ചുരുങ്ങിയത് 200 കോടി രൂപ ലഭിക്കുന്നതുമാണ്.

8. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, **2008**-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, ഭൂമി തരംമാറ്റത്തിനായി ശേഷിക്കുന്ന അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിനും, തുടർന്നും ലഭിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിനുമായി, രണ്ട് വർഷത്തിനു ശേഷം വരുന്ന ഒഴിവുകളിൽ ജീവനക്കാരെ ആഗിരണം ചെയ്യാം എന്ന നിബന്ധനയിൽ, രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, **6 8 ജൂനിയർ സൂപ്രണ്ട് മാരെ സ്ഥാനക്കയറ്റത്തിലൂടെയും, 181 ക്ലാർക്കുമാരെ പബ്ലിക് സർവ്വീസ് കമ്മീഷൻ** മുഖേനയും നിയമിക്കുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു. കൂടാതെ, മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന **140 സർവ്വേയർമാരിൽ നിന്നും, പ്രവർത്തന മികവ് പുലർത്തിയിട്ടുള്ള 123 സർവ്വേയർമാരെ, താത്ക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക്**

**വിധേയമായി, ദിവസവേതന അടിസ്ഥാനത്തിൽ** 179 ദിവസത്തേക്ക് കൂടി നിയമിക്കുന്നതിനും, ഫീൽഡ് പരിശോധനയ്ക്കായി **220** വാഹനങ്ങൾ വാടകയ്ക്ക് ഒരു വർഷത്തേക്ക് അനുവദിച്ചും ഉത്തരവാകുന്നു .

9. കോട്ടയം ജില്ലയിൽ, മേൽ സ്ഥാനക്കയറ്റങ്ങളും നിയമനങ്ങളും , തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം അവസാനിക്കുന്ന മുറയ്ക്ക് മാത്രം ബാധകമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ്റവന്യൂകമ്മീഷണർ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
ധനകാര്യവകുപ്പ് ( 26.07.2023-ലെEXP-D1/25/2022-FIN പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം............................പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E) , കേരളം, തിരുവനന്തപുരം.
ഐ & പി. ആർ. ഡി വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
സെക്ഷൻ ഓഫീസർ
Date: 01-09-2023 15:59:28

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിലെ 27(സി) പ്രകാരമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .**

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.2886/2023/RD തീയതി,തിരുവനന്തപുരം, 05-08-2023

---

പരാമർശം:- 1. 78-ാമത് ' റവന്യൂ സെക്രട്ടേറിയറ്റ് ' യോഗത്തിന്റെ നടപടിക്കുറിപ്പ് .

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15-07-2023-ലെ LR/7434/2023-LR(A4) നം. റിപ്പോർട്ട് .

**<u>ഉത്തരവ്</u>**

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുമ്പോൾ, 27(സി) പ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട്, പരാമർശം (1) - ലെ 'ഭൂമി തരംമാറ്റം' സംബന്ധിച്ചുള്ള യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

2. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ആഫീസറുടെ നടപടിക്രമം, തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണ്. സബ് ഡിവിഷൻ ആവശ്യമായിട്ടുള്ള കേസുകളിൽ, റവന്യൂ ഡിവിഷണൽ ആഫീസുകളിൽ നിന്നുമുള്ള ഉത്തരവിനോടൊപ്പം, തരംമാറ്റ അപേക്ഷയിലെ സ്കെച്ച് പകർപ്പ് കൂടി നല്കേണ്ടതാണ്. ഇപ്രകാരം, സബ് ഡിവിഷൻ ആവശ്യമായ കേസുകളിൽ, ഒരാഴ്ചയ്ക്കകം സർവ്വേ നടത്താൻ പറ്റാത്ത താലൂക്കുകളിലെല്ലാം തന്നെ, സബ് ഡിവിഷൻ നമ്പർ ReLIS മുഖേനയുണ്ടാക്കി, റവന്യൂ രേഖകളിൽ മാറ്റം വരുത്തി കരം ഒടുക്കി നൽകേണ്ടതും, സ്കെച്ചിന്റെ പകർപ്പ്, താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും, സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ മാതൃകയിൽ, ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. ഇത്തരം കേസുകൾ പിന്നീട് സർവ്വേ നടത്തേണ്ടതും, സർവ്വേ പെൻഡിങ് ആണെന്ന വിവരം, ReLIS - ലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും രേഖപ്പെടുത്തേണ്ടതുമാണ്.

3. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച, പരാമർശം (2) പ്രകാരമുള്ള റിപ്പോർട്ടിലെ വസ്തുതകൾ വ്യക്തമാക്കിക്കൊണ്ട്, ലാൻഡ് റവന്യൂ കമ്മീഷണർ, വിശദമായ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) പ്രസിദ്ധീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും
കൃഷി വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കണ്ടന്റ് ജനറൽ (A & E), കേരളം, തിരുവനന്തപുരം.
ഐ & പി.ആർ.ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kadeeja A A
Date: 05-08-2023 13:38:42
സെക്ഷൻ ഓഫീസർ

ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
ബഹു. റവന്യൂ വകപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ - യ്ക്ക്